പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4009 — 11.11.2019 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് വഴിയുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

ചോദ്യം
ശ്രീ.വി.ഡി.സതീശൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) യും (ബി) യും | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ഡിപ്പോകളിലെയും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പവരുത്തുവാൻ പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കപ്പെടുന്നത്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പ വരുത്തുന്നു. കൂടാതെ കോന്നിയിലുള്ള CFRD (Council for Food Research & Development) ലാബിലും എല്ലാ ഭക്ഷ്യവസ്തുക്കളും റാൻഡമായി സാമ്പിളെടുത്ത് പരിശോധന നടത്തിവരുന്നു. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP (Hazard Analysis and Critical Control Points)/ AGMARK/ FSSAI (Food Safety Standards Authority of India) ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20 ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത വില്പനശാലകളിൽ നിന്നും വിൽക്കുന്ന പാക്കറ്റ് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (സി) | ഗുണനിലവാര പരിശോധനകളിൽ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ 2019 ൽ ഏതെങ്കിലും കമ്പനികളുടെ / വിതരണക്കാരുടെ കരാർ റദ്ദാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ശബരി മസാല പൗഡർ വിതരണം ചെയ്തിരുന്ന ഭവാനി മസാല, പുതുച്ചേരി എന്ന കമ്പനിയുടെ കരാർ റദ്ദാക്കിയിട്ടുണ്ട്. അപ്പംപൊടി/ പുട്ടുപൊടി വിതരണം ചെയ്തുകൊണ്ടിരുന്ന പുനത്തിൽ റോളർ ഫ്ലോർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ എന്ന കമ്പനിയുടെ കരാർ റദ്ദാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ